ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ചങ്ങനാശ്ശേരി–തിരുവല്ല മുനിസിപ്പാലിറ്റികൾക്കു വേണ്ടി 1485 ലക്ഷം രൂപ ചെലവായിട്ടുള്ള ഒരു പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. അതിന്റെ 99 ശതമാനം പണികളും തീർന്നു കഴിഞ്ഞു. ഇനി പെരുന്നയിലെ ട്രാൻസ്ഫോർമറിന്റെ പണികൾ കുറച്ചുകൂടി തീരാനുണ്ട്. അതുപോലെ മെയിൻ വാട്ടർ ട്രാൻസ്ഫോർമറിന്റെ പണികളും തീരേണ്ടതായിട്ടുണ്ട്. ഈ രണ്ടുകാര്യങ്ങളും വളരെ വേഗതയിൽ നടന്നുവരികയാണ്. മാർച്ച് 31 എന്നുള്ള തീയതിയിൽത്തന്നെ ഇപ്പോഴും ഡിപ്പാർട്ടുമെന്റ് ഉറച്ചുനിൽക്കുകയാണ്. ഈ മാർച്ച് 31-ന് മുൻപുതന്നെ അതിന്റെ പണികൾ പൂർത്തിയാക്കി വെള്ളം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(30) കല്ലൂപ്പാറ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: വളരെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ് എന്റെ നിയോജകമണ്ഡലമായ കല്ലൂപ്പാറ. നിലവിലുള്ള പദ്ധതികൾപോലും ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണ് അവിടെ ഉള്ളത്. മല്ലപ്പള്ളി, ഇരവിപേരൂർ, കല്ലൂപ്പാറ തുടങ്ങിയ പദ്ധതികളുടെ സ്രോതസ്സുകളിൽ പമ്പിംഗിന് ആവശ്യമായ വെള്ളം ലഭിക്കുന്നില്ല എന്നത് ഗുരുതരമായ പ്രശ്നമായി മാറിയിരിക്കുന്നു. അവിടെ വെള്ളം എത്തിക്കുന്നതിന് ചെക്ക് ഡാം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രണ്ടു പഞ്ചായത്തുകൾക്കുള്ള ജലവിതരണ പദ്ധതികൾക്ക് ബഹുമാനപ്പെട്ട മന്ത്രികൂടി താൽപ്പര്യമെടുത്ത് ഒന്നര വർഷം മുൻപ് അനുമതി കൊടുക്കുകയുണ്ടായി. ആ പദ്ധതികളുടെ പണിയും ഇതുവരെയും ആരംഭിച്ചിട്ടില്ല. ഈ കാര്യത്തിൽ വലിയ അനാസ്ഥ കാണിക്കുന്നു എന്നാണ് എനിക്കു തോന്നുന്നത്. അടിയന്തിരമായി ഇത് ആരംഭിക്കാൻ നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട മന്ത്രി ഈ നിയമസഭയിൽ പ്രഖ്യാപിച്ചതാണ് എം. എൽ. എ. സ്കീം. ആ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടാങ്ങൽ പഞ്ചായത്തിനുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി ഞാൻ നിർദ്ദേശിച്ചിരുന്നു. ഈ കാര്യത്തിലും നടപടികൾ സ്വീകരിച്ചിട്ടില്ല. എത്രയുംവേഗം ഈ പദ്ധതി ടെണ്ടർ ചെയ്ത് നിർമ്മാണജോലികളാരംഭിക്കാൻ നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ 1984-ൽ ആരംഭിച്ച് ഉപേക്ഷിക്കപ്പെട്ടുപോയ എഴുമറ്റൂർ പഞ്ചായത്തിനുള്ള പദ്ധതിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഉടൻതന്നെ നിർമ്മാണ ജോലികളാരംഭിക്കാം എന്ന് ബന്ധപ്പെട്ട അധികൃതർ ഉറപ്പു നൽകിയിരുന്നതാണ്. എന്നാൽ അതിൽ ആവശ്യമായ നടപടികളുണ്ടായിട്ടില്ല. അതുപോലെതന്നെ കല്ലൂപ്പാറ പഞ്ചായത്തിന്റെ ഫുൾ കവറേജിന് ഒരു പുതിയ പദ്ധതി തയ്യാറാക്കുകയുണ്ടായി. ഇക്കാര്യത്തിലും കാര്യമായ നടപടി മുന്നോട്ടു പോയിട്ടില്ല. കുടിവെള്ള ക്ഷാമത്തിന് വളരെ കൂടുതൽ രൂക്ഷത അനുഭവപ്പെടുന്ന ഒരു പ്രദേശം എന്ന നിലയിൽ ഈ ശുദ്ധജല വിതരണ പദ്ധതികളാരംഭിച്ചാൽ മാത്രമേ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ. അതുകൊണ്ട് അടിയന്തിരമായി ഈ കാര്യത്തിൽ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഇവിടെ പറഞ്ഞത് ആനിക്കാട് ശുദ്ധജല വിതരണ പദ്ധതിയെ സംബന്ധിച്ചാണ്. ആനിക്കാട് ശുദ്ധജലവിതരണ പദ്ധതിയുടെ ഗ്യാലറിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ആനിക്കാട്, പെരുമ്പട്ടി എന്നീ പഞ്ചായത്തുകളുടെ ഓവർ ഹെഡ്ഡ് ടാങ്കിന്റെ വർക്കിന് ലഭിച്ച ടെണ്ടറുകളുടെ റേറ്റ് ഇതര ജില്ലകളിലേതിനെ അപേക്ഷിച്ച് വളരെ കൂടുതലായതുകൊണ്ട് റീ ടെണ്ടറിന് വേണ്ട നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. ഈ മാസത്തെ അതോറിറ്റി മീറ്റിംഗിൽ മേൽപ്പറഞ്ഞ രണ്ട് റീ ടെണ്ടറുകളുടേയും അംഗീകാരം പരിഗണനയിൽ വരും. പെരുമ്പട്ടി പദ്ധതിയുടെ പമ്പുസെറ്റും മറ്റും സ്ഥാപിക്കുന്നതിന് അംഗീകാരം കൊടുത്തുകഴിഞ്ഞു, അതിന്റെ വർക്ക് ഓർഡർ ഉടൻതന്നെ കൊടുക്കുന്നതാണ്. എം. എൽ. എ. സ്കീമായ കോട്ടാങ്ങൽ പദ്ധതിക്ക് നിർദ്ദിഷ്ട നോൺ-കവേർഡ് ഹാബിറ്റേഷൻ ഇല്ലാത്തതുകൊണ്ട് പൂർണ്ണമായ അംഗീകാരം തേടുന്നില്ല. എങ്കിലും സാമ്പത്തിക ലഭ്യത അനുസരിച്ച് മറ്റ് ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി എടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കല്ലൂപ്പാറ സ്കീമിലെ ജലവിതാനം താഴ്ന്നതുകൊണ്ട് അടുത്തുള്ള കയത്തിൽനിന്ന് ഗ്യാലറിയിലേയ്ക്ക് വെള്ളം പമ്പ് ചെയ്ത് വിതരണം നടത്തിവരുന്നു. ഈ സ്കീമിനുവേണ്ടി കഴിഞ്ഞമാസം പുതിയ പമ്പുസെറ്റ് സ്ഥാപിച്ചുകഴിഞ്ഞു. മല്ലപ്പള്ളി സ്കീമിനും പുതിയ പമ്പുസെറ്റ് സ്ഥാപിച്ചു. വാൽവുകൾ നിയന്ത്രിച്ച് ഒന്നിടവിട്ട ദിവസങ്ങളിൽ ജലവിതരണം എല്ലാ മേഖലയിലും നടത്തിവരുന്നുണ്ട്. ഇവിടെ ശ്രീ. പുതുശ്ശേരി സൂചിപ്പിച്ച മറ്റ് കാര്യങ്ങളെ സംബന്ധിച്ചും ഡിപ്പാർട്ടുമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(31) പുതിയതായി നിർമ്മിച്ച വാർഡ് തുറന്നു പ്രവർത്തിപ്പിക്കണമെന്ന ആവശ്യം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, കോട്ടയ്ക്കൽ ആയുർവേദ കോളേജിനോടനുബന്ധിച്ച് നിർമ്മാണം പൂർത്തിയാക്കിയ 50 ബെഡ്ഡുകളുള്ള വാർഡ് തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആയുർവേദ ചികിൽസയ്ക്ക് പ്രാധാന്യവും പ്രസക്തിയും വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടമാണിത്. അതുകൊണ്ട് ആയുർവേദ ചികിൽസാ മേഖലയിലും വിദ്യാഭ്യാസരംഗത്തും കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. ആയുർവേദ വിദ്യാഭ്യാസരംഗത്ത് ഡിപ്പാർട്ടുമെന്റൽ സിസ്റ്റം നടപ്പാക്കാനും ആയുർവേദ ചികിൽസാമേഖലയിൽ ശ്രീചിത്രാ മെഡിക്കൽ സെന്ററിന്റെ സ്റ്റാറ്റസ് ഉള്ള ഒരു ചികിൽസാകേന്ദ്രം കോട്ടയ്ക്കൽ സ്ഥാപിക്കാനും നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, കോട്ടയ്ക്കൽ വൈദ്യരത്നം പി. എസ്. വാര്യർ ആയുർവേദ കോളേജിന് സ്വന്തമായി ആശുപത്രി ആവശ്യമാണ്. അതിന് 50 കിടക്കകളുള്ള ആശുപത്രിക്കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഈ കെട്ടിടം ഫംഗ്ഷണൽ ആക്കുന്നതിന് അധികമായി സ്റ്റാഫിനെ ആവശ്യമുണ്ട്. അതിനുവേണ്ടി ധനകാര്യ വകുപ്പിനെ അപ്രോച്ച് ചെയ്തിരിക്കുകയാണ്. അവരുടെ ക്ലിയറൻസ് കിട്ടിക്കഴിഞ്ഞാൽ നിയമനം നടത്തുന്നതാണ്. സർ, ഒരു കാര്യം

LIBRARY ARCHIVES Kerala Legislative Assembly